വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഈ ഉദ്യോഗ സ്ഥൻമാർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമി ക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കുവാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടാറുണ്ട്. ഇതിന് പുറമേ സംസ്ഥാനതലത്തിൽ വ്യാവസായികാടിസ്ഥാനതലത്തിൽ ഉണ്ടാകുന്ന തൊഴിൽത്തർക്കങ്ങൾ ചർച്ച യിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി, മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധസമിതികളും, ലേബർ കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതാത് മേഖല യിൽ ഉണ്ടാവുന്ന തർക്കങ്ങൾ അതാത് ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി യിൽ പരിഹരിക്കാവുന്നതാണ്.

(ഇ) 6 പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് പ്രശ്നങ്ങ ളാണ് പരിഹരിച്ചത്.

(എഫ്) സ്വീകരിക്കും.

97 (1203) തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സമിതികൾ

ശ്രീ. കെ. ബാബു :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിക്കുന്ന തിന് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ ഏതെല്ലാം വിഭാഗം തൊഴിലാളികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമിതി തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മിനിമം വേതനം ആദ്യമായി നിശ്ചയിക്കുന്നതിന് താഴെപ്പറ യുന്ന മൂന്നു മിനിമം വേതന കമ്മിറ്റികളെ നിയമിച്ചിട്ടുണ്ട്.

1. ക്രമ്പ് റബ്ബർ ഫാക്ടറികൾ
2. ഓയിൽ പാം പ്ലാന്റേഷൻസ്
3. മണൽവാരലും കയറ്റിറക്കും

അവയിൽ ഓയിൽ പാം പ്ലാന്റേഷനുവേണ്ടിയുള്ള കമ്മിറ്റി ഇപ്പോൾ പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

(ബി) മുകളിലത്തെ ഉത്തരം കണ്ടാലും

(സി) മുകളിൽ പറഞ്ഞിട്ടുള്ള മൂന്നു കമ്മിറ്റികളും അവരുടെ പ്രവർത്തനം പൂർത്തിയാക്കി റിപ്പോർട്ടു കിട്ടുന്ന മുറയ്ക്ക് വിജ്ഞാപനം പുറ പ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly